Uncorrected/Not for publication
30-09-2025

**ശ്രദ്ധക്ഷണിക്കൽ**

സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ പ്രശ്നങ്ങൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന വളരെ പ്രധാനപ്പെട്ട തൊഴിൽമേഖലയാണ് കേരളത്തിലെ പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖല. 95 ശതമാനത്തോളം വനിതകൾമാത്രം പണിയെടുക്കുന്ന ഈ മേഖലയിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അതിന് ശാശ്വതപരിഹാരം കാണുന്നതിനുവേണ്ടിയാണ് സഭ മുമ്പാകെ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരുന്നത്. കേരളത്തിൽ ആകെയുള്ള കശുവണ്ടി ഫാക്ടറികളിൽ 100 ഫാക്ടറികൾ മാത്രമേ തുറന്നുപ്രവർത്തിക്കുന്നുള്ളൂ. അതിൽ ബഹുഭൂരിപക്ഷം വരുന്ന ഫാക്ടറികളും സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികളാണ്. മുതലാളിമാർക്ക് അവ തുറന്നുപ്രവർത്തിപ്പിക്കുന്നതിൽ ചില സാമ്പത്തിക പ്രശ്നങ്ങളുണ്ടായപ്പോൾ അന്നും ഗവൺമെന്റ് നല്ലരീതിയിൽ ഇടപെട്ടുകൊണ്ട്

ഒരു മുതലാളിക്ക് അദ്ദേഹത്തിന്റെ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ നൽകുകയുണ്ടായി. ഈ തുക കൈപ്പറ്റിയിട്ടും ഒരു ഫാക്ടറിപോലും തുറന്നുപ്രവർത്തിപ്പിക്കാൻ സ്വകാര്യ മുതലാളിമാർ ഇന്നേവരെ തയ്യാറായിട്ടില്ല, അതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ കശുവണ്ടി ഉൽപാദനം വർധിപ്പിക്കുന്നതിനായി ഒരു കേന്ദ്ര പാക്കേജ് നേരത്തെതന്നെ ആവശ്യപ്പെട്ടിരുന്നു. കശുവണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനായി ഇതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? സംഭരിച്ച തോട്ടണ്ടികൾ എത്രയുംവേഗം ഫാക്ടറികളിലെത്തിച്ച് കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. സ്വകാര്യ മുതലാളിമാരുടെ അടഞ്ഞുകിടന്ന ഫാക്ടറികളിലെ പാവപ്പെട്ട തൊഴിലാളികൾക്ക് ഈ ഓണക്കാലത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ഇടപെടൽ നടത്തി 2500/- രൂപ വീതം ബോണസ് നൽകിയത് ഈ

സർക്കാരാണ്. യു.ഡി.എഫ്.-ന്റെ കാലത്തും ഇതുപോലെയുള്ള സംഭവങ്ങളുണ്ടായിട്ടുണ്ടെങ്കിലും അഞ്ച് നയാപൈസാ കശുവണ്ടിത്തൊഴിലാളികൾക്ക് നൽകിയിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിക്കുന്നതുകൊണ്ട് പാവപ്പെട്ട തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷം എന്താണ് ഇവിടെ കാണിക്കുന്നത്? കേരളത്തിലെ കശുവണ്ടി മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ച് പറയുമ്പോൾ ഇവിടെ നിൽക്കുന്നവർക്ക് പുച്ഛമാണ്. എന്തൊരു വിരോധാഭാസമാണ് ഇവിടെ നടക്കുന്നത്? ഇപ്പോഴത്തെ എ.ഐ.സി.സി.-യുടെ പ്രസിഡന്റ് യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോൾ മരണഫണ്ട് നിർത്തലാക്കി. ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ യു.പി.എ. കേന്ദ്രമന്ത്രിയും ശ്രീ. കൊടിക്കുന്നിൽ സുരേഷ് കേന്ദ്ര സഹമന്ത്രിയുമായിരിക്കുന്ന ഘട്ടത്തിലാണ് മരണഫണ്ട് നിർത്തലാക്കിയത്. എന്നിട്ടാണ് ഇവിടെവന്നുനിന്ന് ഇപ്പോൾ മുദ്രാവാക്യം വിളിക്കുന്നത്. ഒരു

കോൺഗ്രസുകാരനുവേണ്ടി മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികളുടെ മരണഫണ്ട് പുനഃസ്ഥാപിക്കണമെന്ന് ശ്രീ. മല്ലികാർജ്ജുന ഖാർഗെയോട് നിങ്ങൾ പറയണം. അതുപോലും സാധിക്കാൻ കഴിയാതെയാണ് ഇവിടെവന്നുനിന്ന് ഇത്തരം മുദ്രാവാക്യങ്ങൾ മുഴക്കുന്നത്. കശുവണ്ടി മേഖലയിൽ മൂല്യവർധിത ഉൽപ്പന്നങ്ങൾ ധാരാളമുണ്ട്. കശുവണ്ടി പഴത്തിൽനിന്നും ഫെനി പോലെയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? കശുവണ്ടി മേഖലയിൽ ധാരാളം പ്രതിസന്ധികളുണ്ടായിരുന്നെങ്കിലും സഖാവ് പിണറായി വിജയന്റെ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഈ മേഖലയിലെ പ്രശ്നങ്ങൾ ഒന്നൊന്നായി പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇവയ്ക്കെല്ലാം പരിഹാരം കാണുന്ന സർക്കാരാണ് ഇടതുപക്ഷ ജനങ്ങളോടൊപ്പം നിൽക്കുന്ന, ജനപക്ഷ നിലപാട് സ്വീകരിക്കുന്ന നമ്മുടെ ഗവൺമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്

ഈ ശ്രദ്ധക്ഷണിക്കലിലൂടെ അറിയിക്കാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമേറിയ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നം ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ഇവിടെ ഇങ്ങനെയൊരു ബഹളമുണ്ടാക്കുന്നത് പ്രതിപക്ഷം ഏതുപക്ഷത്തിനൊപ്പമാണ് നിൽക്കുന്നതെന്ന് വ്യക്തമാകുന്നതാണ്. പ്രതിപക്ഷം ഇവിടെ ഇരമ്പിക്കയറി വന്നില്ലേ; 26-ാം തീയതിയിൽ ടെലിവിഷൻ ചർച്ചയിൽ ഇക്കാര്യം നടന്നിട്ടും 27, 28, 29 എന്നീ തീയതികളിൽ കേരളത്തിന്റെ ഒരു തെരുവിലും ഒരു ചെറിയ പ്രകടനംപോലും നടത്താതിരുന്ന ആളുകൾ ഇവിടെ ഇത്തരത്തിലുള്ള കാര്യങ്ങളുമായി വരുന്നത് എത്രമാത്രം പ്രതിഷേധാർഹമാണെന്ന് കാണേണ്ടതുണ്ട്. എന്തുകൊണ്ട് നിങ്ങൾ ഈ ദിവസങ്ങളിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായോ സബ്മിഷനായോപോലും ഈ വിഷയം സഭയിൽ കൊണ്ടുവന്നില്ല. നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ

സ്നേഹിക്കുന്നെങ്കിൽ, നിങ്ങൾ ബി.ജെ.പി.-ക്ക് എതിരാണെങ്കിൽ എന്തുകൊണ്ട് ഒരു സബ്മിഷൻപോലും നിങ്ങൾ ഈ സഭയിൽ കൊണ്ടുവന്നില്ല. അപ്പോൾ നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയോടൊപ്പമല്ല എന്നുതന്നെയല്ലേ ഇത് തെളിയിക്കുന്നത്?

കശുവണ്ടി മേഖലയിൽ ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കശുവണ്ടി മേഖല പ്രതിസന്ധിയിൽനിന്നും കരകയറാൻ കഴിഞ്ഞ ഗവൺമെന്റ് എടുത്ത സമീപനത്തിന്റെയും ഈ ഗവൺമെന്റ് പിന്തുടരുന്ന സമീപനത്തിന്റെയും ഭാഗമായി ഇന്ന് കശുവണ്ടി ഫാക്ടറികളെല്ലാംതന്നെ തുറന്നുപ്രവർത്തിക്കുന്നു. ജൂൺ മാസം വരെയുള്ള കശുവണ്ടി ഇന്ന് KSCDC (Kerala State Cashew Development Corporation Limited)-ന്റെയും CAPEX (The Kerala State Cashew Workers Apex Industrial Co-operative Society)-ന്റെയും കൈവശമുണ്ടെന്ന കാര്യംകൂടി ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അടഞ്ഞുകിടന്നിരുന്ന സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞു.

അതുപോലെ ഈ പ്രതിസന്ധി ഘട്ടത്തിലും തൊഴിലാളികൾക്ക് 23 ശതമാനം കൂലി വർധിപ്പിക്കാൻ സാധിച്ച സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന കാര്യം ഞാൻ എടുത്തുപറയുന്നു. അതുപോലെ ഓണത്തിന് ബോണസ് വർധിപ്പിച്ചു, കശുവണ്ടിത്തൊഴിലാളികൾക്ക് 3,45,87,500/- രൂപയാണ് ബോണസായി ഈ ഗവൺമെന്റ് നൽകിയത്. അത് ഈ ഗവൺമെന്റിന്റെ പക്ഷമാണ്. ഇത്തരത്തിലുള്ള പദ്ധതികളെക്കുറിച്ച് കൂടുതലായി ചർച്ച ചെയ്യുന്നതിനായി ഒക്ടോബർ മാസത്തിൽ കൊല്ലത്ത് വിപുലമായ ഒരു പരിപാടി സംഘടിപ്പിക്കുന്നുവെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ചില ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. അതിൽ കുറച്ച് ഫാക്ടറികളെങ്കിലും സർക്കാർ ഏറ്റെടുക്കണമെന്നൊരു നിർദേശമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അങ്ങനെ പ്രതിസന്ധിയുണ്ടായപ്പോൾ പ്രത്യേകിച്ച് നായനാരുടെ കാലഘട്ടത്തിൽ ചില ഫാക്ടറികൾ ഏറ്റെടുത്തിരുന്നു. നിർത്തലാക്കിയ മരണഫണ്ട് പുനഃസ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെടുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ അംഗം യു.പി.എ.-യുടെയും കോൺഗ്രസിന്റെയും തൊഴിലാളിവിരുദ്ധ സമീപനമാണ് ഇവിടെ ഉയർത്തിക്കാട്ടിയത്. അത് തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് നമുക്ക് കേന്ദ്രത്തോട് ആവശ്യപ്പെടാം. നേരത്തെ ഏറ്റെടുത്ത ഫാക്ടറികളുടെ നഷ്ടപരിഹാരം നൽകണമെന്നുള്ള വിധികൾ വന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണിത്. ആ സാഹചര്യം യഥാർത്ഥത്തിൽ പുതിയ കമ്പനികൾ ഏറ്റെടുക്കുന്നതിന് ചില ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ട്. എന്നാൽ ആ കമ്പനികളാകെ തുറക്കുന്നതിനാവശ്യമായ സാമ്പത്തിക പിന്തുണ സർക്കാർ നൽകുന്നുണ്ട്. അവരുടെ കടം ഉൾപ്പെടെയുള്ള ബാധ്യതകൾ, രണ്ടു കോടി രൂപയ്ക്ക് മുകളിലുള്ള വായ്പയാണെങ്കിൽ 50 ശതമാനം വരെ അടച്ചാൽ മതിയെന്ന രൂപത്തിൽ ഒരു സെറ്റിൽമെന്റ് ഉണ്ടാക്കി, ഒരു വർഷം കൂടി നീട്ടാൻ നിലവിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

Uncorrected/Not for publication
30-09-2025

<u>മി. സ്പീക്കർ</u>: ശ്രീ. എ. കെ. എം. അഷ്റഫ്, not in the seat. നിരന്തരം ചെയർ ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ചെയറിലേക്ക് പോയി ഇരിക്കുന്നില്ല. അതുകൊണ്ട് മറ്റ് നടപടികളിലേക്ക് ചെയർ നീങ്ങുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് സബ്മിഷനുകളുടെ ഉത്തരം മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.